# Desabhimani
## 28 July 2018
## Idukki; Flood, Orange Alert

# ഇടുക്കി: ഓറഞ്ച് അലർട്ട് ഇന്ന്

- ദുരന്തനിവാരണസേന ഇടുക്കിയിലെത്തി
- ഷട്ടറുകൾ 40 സെന്റീമീറ്റർ ഉയർത്തും
- ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും യോഗം ചേർന്നു

**കെ ടി രാജീവ്**

**ഇടുക്കി**



ജലനിരപ്പിന്റെ വിദൂര ദൃശ്യം

ഇടുക്കി ഡാമിലെ ജലനിരപ്പ് 2397 അടിയിലെത്തിയാൽ മാത്രമേ ഡാം തുറക്കൂവെന്ന് കലക്ടർ അറിയിച്ചു. ഡാം തുറക്കുന്നതിന്റെ ട്രയൽ റൺ ചൊവ്വാഴ്ച നടന്നേക്കുമെന്ന് നേരത്തെ അറിയിച്ചിരുന്നു. തിങ്കളാഴ്ച ഉച്ചയോടെ ഓറഞ്ച് അലർട്ട് പ്രഖ്യാപിക്കും. ഡാമിന്റെ ഷട്ടറുകൾ 40 സെന്റീമീറ്റർ ഉയർത്തിയാണ് ട്രയൽ റൺ. പരീക്ഷണ തുറക്കലിൽ ഏതൊക്കെ മേഖലകളിലേക്ക് വെള്ളം എത്താനുള്ള സാധ്യതകളുണ്ടെന്ന് പരിശോധിക്കും. അതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സുരക്ഷാക്രമീകരണങ്ങൾ സ്വീകരിക്കും. ഡാമിൽ ശേഷിയുടെ 90 ശതമാനം വെള്ളം ഇപ്പോഴുണ്ട്.

ഡാം തുറക്കേണ്ട സാഹചര്യമുണ്ടായാൽ സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങളെ സംബന്ധിച്ച് ഇടുക്കി താലൂക്ക് ഓഫീസിൽ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായശ്രമത്തിലൂടെ അടിയന്തര സാഹചര്യങ്ങളെ നേരിടണമെന്നും പഞ്ചായത്ത് തലത്തിൽ ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രത്യേകമായ ആക്ഷൻപ്ലാൻ തയ്യാറാക്കി ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും തീരുമാനമായി.

ഇടുക്കി തുറന്നാൽ വെള്ളം ഒഴുകുന്ന അഞ്ച് പഞ്ചായത്തുകളിൽ യോഗംചേർന്ന് സ്ഥിതി പരിശോധിക്കും. ഈ മേഖലയിൽ വീടുകൾ ഉൾപ്പെടെ 400 ഓളം കെട്ടിടങ്ങളുണ്ട്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും മാറ്റി പാർപ്പിക്കേണ്ടവരുടെ വീടുകളിൽ നേരിട്ടെത്തി നോട്ടീസ് നൽകും. ഡാം തുറക്കുന്നത് കാണാനായി ജില്ലയിലേക്ക് നിരവധി ആളുകൾ എത്തുന്നതിനാൽ അത്തരം സാഹചര്യത്തിൽ അപകടങ്ങളുണ്ടാകാതിരിക്കാൻ പൊലീസ് കൂടുതൽ ജാഗ്രത പുലർത്തും. ഇതിനിടെ വെള്ളം സുഗമമായി ഒഴുകുന്നതിനാവശ്യമായ മുൻകരുതലുകൾ തുടങ്ങി. ചെറുതോണി പെരിയാർ തീരങ്ങളിലെ തടസ്സങ്ങൾ ജെസിബി ഉപയോഗിച്ച് നീക്കം ചെയ്യുകയാണ്.മലയോര മേഖലകളിൽ മഴ വീണ്ടും കനത്തതിനാൽ പരമാവധി വൈദ്യുതോൽപാദനം നടത്തിയിട്ടും ജലനിരപ്പ് ഉയരുകയാണ്. അണക്കെട്ട് തുറക്കുന്നതിന് മുന്നോടിയായി ദേശീയ ദുരന്തനിവാരണ സേന ഞായറാഴ്ച രാത്രിയോടെ ഇടുക്കിയിലെത്തി. പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ വരുംദിവസങ്ങളിൽ ദുരന്തനിവാരണസേന പരിശോധിക്കും. 50 അംഗ സേന പൈനാവ് യുപി സ്കൂളിലാണ് ക്യാമ്പ് ചെയ്യുന്നത്.